LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

244 (3680) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന അർഹരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് ചില സാങ്കേതിക കാരണങ്ങളാൽ സ്കോളർഷിപ്പ് ആനുകൂല്യം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സാങ്കേതിക കാരണങ്ങളാൽ ആനുകൂല്യങ്ങൾ നൽകാത്ത സാഹചര്യം ഉണ്ടായിട്ടില്ല. എന്നാൽ ന്യൂനതകളുള്ള അപേക്ഷയിൽ ആനുകൂല്യം അനുവദിക്കാൻ കഴിയാത്ത സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) അപേക്ഷകളിലെ ന്യൂനതകൾ അപേക്ഷകനെ അറിയിച്ച് ആയത് സമയബന്ധിതമായി പരിഹരിച്ച് ആനുകൂല്യം അനുവദിച്ചുവരുന്നുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ നിയമനം

245 (3681) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് സർക്കാർ സർവ്വീസിൽ നിയമനം ലഭിച്ചുവെന്ന് വർഷം തിരിച്ച് വെളിപ്പെടുത്താമോ ?

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

പട്ടികജാതി - ഗോത്ര കമ്മീഷൻ

246 (T3682) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-ഗോത്ര കമ്മീഷൻ അംഗങ്ങൾ 2013, 2014, 2015 വർഷങ്ങളിൽ ഏതെല്ലാം സ്ഥലങ്ങൾ സന്ദർശിച്ച് എത്ര പരാതികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവയുടെ വിശദാംശവും വെളിപ്പെടുത്തുമോ ; ഇത്തരത്തിൽ കമ്മീഷൻ സ്വീകരിച്ച പരാതികളുടെ പകർപ്പ് ലഭ്യമാക്കാമോ ;

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികളും കമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ടുകളുടെ പകർപ്പും ലഭ്യമാക്കാമോ ;

(സി) കോട്ടയം മുന്നിലാവിലെ ക്വാറികൾക്കെതിരെയും ആലപ്പുഴ ജില്ലയിലെ കാർത്തികപള്ളിയിൽ ഹാച്ചറി സ്ഥാപിക്കുന്നതിനെതിരെയുള്ള പരാതികളും അസീസിയ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥിയുടെ പരാതിയും കമ്മീഷന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഓരോ പരാതിയിന്മേലും തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷൻ 2013, 2014, 2015 വർഷങ്ങളിൽ കമ്മീഷന്റെ പരിഗണനയിലുള്ള പരാതികൾ തീർപ്പാക്കുന്നതിനും പുതിയ പരാതികൾ സ്വീകരിക്കുന്നതിലേക്കുമായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പല സ്ഥലങ്ങളിലായി പരാതി പരിഹാര അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്. അദാലത്തുകളിൽ ലഭിക്കുന്ന പരാതികൾ കമ്മീഷൻ പ്രത്യേകമായി വേർതിരിച്ചിട്ടില്ല. പ്രതിദിനം ലഭിക്കുന്ന പരാതികളും അദാലത്തുകളിൽ ലഭിക്കുന്ന പരാതികളും ഒരുമിച്ച് ജില്ലാ അടിസ്ഥാനത്തിൽ വിചാരണയ്ക്ക് എടുത്ത് തീർപ്പ് കൽപ്പിക്കുകയാണ് പതിവ്. ഇപ്രകാരം ലഭിച്ചിട്ടുള്ള പതിനായിരത്തോളം പരാതികളുടെ പകർപ്പ് ലഭ്യമാക്കുക പ്രായോഗികമല്ല.

(ബി) പരാതികളുടെ സ്വഭാവവും പൊതു താൽപ്പര്യവും പരിഗണിച്ച് പ്രത്യേക വിചാരണ നടത്തി തെളിവ് സ്വീകരിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുകയാണ് പതിവ്.

(സി) പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിൽ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

കല്ല്യാശ്ശേരി മണ്ഡലത്തിലെ സ്വയംപര്യാപ്ത ഗ്രാമങ്ങൾ

247 (3683) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയംപര്യാപ്തത ഗ്രാമങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തി, 2012-13-ൽ തെരഞ്ഞെടുത്തിരുന്ന ചെറുതാഴം പഞ്ചായത്തിലെ ഏഴിലോട് കോളനിയുടെയും 2013-14-ൽ ഉൾപ്പെടുത്തിയ മാടായി പഞ്ചായത്തിലെ മൂലക്കീൽ കോളനിയുടെയും സമഗ്രവികസനത്തിന് എന്തെല്ലാം പ്രവൃത്തികളാണ് ഇതുവരെ പൂർത്തിയായിട്ടുള്ളത് ; ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത് ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly